പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5743 29.07.2015 മറുപടിയ്ക്ക്

മാഫിയകൾക്കെതിരെയുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | മാഫിയകൾക്കെതിരെയുള്ള നടപടികൾക്കായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് മാഫിയ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി പ്രത്യേകം നിരീക്ഷണങ്ങൾ നടത്തുകയും, പൊതുജനങ്ങളിൽ നിന്നും രഹസ്യമായി വിവരങ്ങൾ ശേഖരിച്ചും, പൊതുജനങ്ങളുടെ പരാതികളിൽ ഉടനടി കർശന നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. ഓപ്പറേഷൻ സുരക്ഷപോലുള്ള നടപടികളിലൂടെ കൂടുതൽ റെയ്ഡുകളും മറ്റും നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികളെടുത്തും, ഓപ്പറേഷൻ കുബേരയിലൂടെ അമിത പലിശക്കാർക്കും ബ്ലേഡ് മാഫിയകൾക്കും എതിരെ കർശനമായ നിയമ നടപടികളാണ് സ്വീകരിച്ച് വരുന്നത്. കൂടാതെ തട്ടിപ്പുകളെ സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | പൊതുജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കുകയും, ക്രമസമാധാനം കുറ്റമറ്റ രീതിയിൽ നടപ്പാക്കുകയുമാണ് ലക്ഷ്യമിടുന്നത്. |
| സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | സി) | 'ഓപ്പറേഷൻ കുബേര', 'ഓപ്പറേഷൻ സുരക്ഷ' എന്നീ പദ്ധതികളനുസരിച്ചും, കാപ്പാ ആക്ടും നിലവിലുള്ള മറ്റു നിയമങ്ങൾ പ്രകാരവും റെയ്ഡുകളും പരിശോധനകളും നടത്തി മാഫിയ പ്രവർത്തനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനുപുറമേ രഹസ്യ നിരീക്ഷണവും ശക്തമായ പോലീസ് പട്രോളിംഗും നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.